# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4664 — 25.06.2019-ൽ മറുപടിക്ക്

## ആറളം ഫാമിലെ കശുവണ്ടി ഉല്പാദനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | കഴിഞ്ഞ വർഷം ആറളം ഫാമിൽ എത്ര ടൺ കശുവണ്ടി ഉല്പാദിപ്പിച്ചുവെന്ന് അറിയിക്കുമോ; | എ) | ആറളം ഫാമിൽ നിന്നും ലഭ്യമായ കണക്കു പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) ആറളം ഫാമിൽ 217.374 ടൺ കശുവണ്ടി ഉൽപ്പാദിപ്പിച്ചു. |
| ബി) | ഈ വർഷം നാളിതുവരെ എത്ര ടൺ ആയിരുന്നു ഉല്പാദനമെന്ന് വ്യക്തമാക്കുമോ; | ബി) | 2019 കലണ്ടർ വർഷത്തിൽ നാളിതുവരെ 144.594 ടൺ കശുവണ്ടി ഉൽപ്പാദിപ്പിച്ചു. |
| സി) | പ്രസ്തുത ഫാമിൽ ഇരുപത്തി രണ്ട് ടൺ കശുവണ്ടി കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | സി) | കശുവണ്ടി 20 ടൺ ആകുന്ന മുറയ്ക്കാണ് കാപ്പെക്സ് കൊണ്ടുപോയ്ക്കൊണ്ടിരുന്നത്. കശുവണ്ടി ശേഖരണ കാലം അവസാനമായപ്പോൾ 20 ടൺ ആകുന്നതിന് കാലതാമസം നേരിട്ടു. തൻമൂലം 20 ടൺ ആകുന്നതു വരെ കശുവണ്ടി ഫാമിൽ സൂക്ഷിച്ച് 22 ടൺ ആയപ്പോൾ കാപ്പെക്സിന് കൈമാറി. |

സെക്ഷൻ ഓഫീസർ